ആറ്റിങ്ങലിലും തിരുവങ്ങൂരിലുമുള്ള ഫാക്ടറികളിലും കൊപ്ര സംഭരണകേന്ദ്രങ്ങളിലുമുള്ള ആകെ ജീവനക്കാർ

1934 [3005] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന കോർപ്പറേഷന്റെ ആറ്റിങ്ങലും തിരുവങ്ങൂരിലുമുള്ള ഫാക്ടറികളിലും അതിനോട് അനുബന്ധിച്ച് കൊപ്ര സംഭരണ കേന്ദ്രങ്ങളിലുമായി ആകെ എത്ര ജീവനക്കാരുണ്ട്;

(ബി) ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; കാഷ്വൽ ജീവനക്കാർ എത്ര;

(സി) തിരുവങ്ങൂർ ഫാക്ടറിയിലും അതോടനുബന്ധിച്ച കൊപ്ര സംഭരണ കേന്ദ്രങ്ങളിലുമായി എത്രപേരെ സ്ഥിരപ്പെടുത്തുവാനുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) നാഫെഡ്, മാർക്കറ്റിംഗ് ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി നാളികേര കോർപ്പറേഷനെ ഏൽപ്പിച്ച കൊപ്ര സ്വകാര്യ എണ്ണയാട്ടു മില്ലുകളിൽ കൊടുക്കുന്നതു കൊണ്ട് നാളികേര വികസന കോർപ്പറേഷനിലെ ജീവനക്കാർക്കു തൊഴിൽ നഷ്ടപ്പെട്ടുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) 325 ജീവനക്കാരുണ്ട്.

(ബി) 114 സ്ഥിര ജീവനക്കാരും 211 കാഷ്വൽ ജീവനക്കാരും ഉണ്ട്.

(സി) ആരേയും സ്ഥിരപ്പെടുത്താനില്ല.

(ഡി) മാർക്കറ്റിംഗ് ഫെഡറേഷനും നാഫെഡും വാങ്ങിയ കൊപ്ര സംസ്കരിക്കുന്നതിനായി കോർപ്പറേഷന്റെ സ്വന്തം മില്ലുകൾക്കു പുറമേ സ്വകാര്യ മില്ലുകളേ കൂടി ഏൽപ്പിച്ചതുകൊണ്ട് കോർപ്പറേഷന്റെ ജീവനക്കാർക്കു തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പമ്പിംഗ് സബ്സിഡി

1935 [3006] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള സംസ്ഥാനത്ത് ഏതെല്ലാം പ്രദേശത്താണ് വെള്ളം പമ്പുചെയ്തു നെൽക്കൃഷി ചെയ്യുന്നതിന് പമ്പിംഗ് സബ്സിഡി നൽകിവരുന്നത്;

(ബി) കൊച്ചി താലൂക്കിലെ കരിനിലങ്ങളിൽ പമ്പിംഗ് സബ്സിഡി നൽകാതിരിക്കുന്നതിനു കാരണമെന്താണ്;

(സി) വെള്ളം പമ്പുചെയ്തു കളഞ്ഞ് കൃഷിയിറക്കുന്ന എല്ലാ നെൽക്കൃഷി മേഖലയിലും പമ്പിംഗ് സബ്സിഡി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊന്നാനി, തൃശ്ശൂർ മേഖലയിലെ കോൾകൃഷിക്കും കുട്ടനാടൻ മേഖലയിലെ പുഞ്ചകൃഷിക്കും, തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ പ്രദേശത്തെ കൃഷിക്കും പമ്പിംഗ് സബ്സിഡി നൽകിവരുന്നുണ്ട്.

(ബി) കൊച്ചി മേഖലയിൽ നെൽക്കൃഷിയേക്കാൾ ലാഭകരം കൊഞ്ചുവളർത്തലാണെന്നതുകൊണ്ട് വെള്ളം വറ്റിച്ച് നെൽക്കൃഷി ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള പമ്പിംഗ് സബ്സിഡി ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രദേശത്തെ കൃഷിക്കാർ സംഘടിതമായി അപേക്ഷ സമർപ്പിച്ചിട്ടില്ല. അതുകൊണ്ട് പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ പ്രദേശത്ത് ബാധകമാക്കിയിട്ടില്ല.

(സി) സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന കാര്യമായതുകൊണ്ട് ഇക്കാര്യം അനുവദിക്കാൻ നിർവ്വാഹമില്ല.

സർക്കാർ കൃഷി ഫാമുകളിലെ തൊഴിലാളികൾക്ക് ഞായറാഴ്ചത്തെ കൂലി

1936 [3007] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കൃഷി ഫാമുകളിലെ തൊഴിലാളികൾക്ക് ഞായറാഴ്ചത്തെ കൂലി നിഷേധിക്കുന്ന ഏതെങ്കിലും ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ;

(സി) തൊഴിലാളികൾക്ക് ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കുന്ന നടപടി പിൻവലിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കപ്പവാഴ കൃഷി

1937 [3008] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിന്റെ പ്രത്യേകതയായ കപ്പവാഴ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പിന്റെ സന്ദർശന പരിശീലന പരിപാടിയിൽ കൂടി തിരുവനന്തപുരം ജില്ലയിൽ 581 ഹെക്ടർ സ്ഥലത്തു കപ്പവാഴ കൃഷി ശാസ്ത്രീയമായി നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly